## നാഷണൽ അഡ്വഞ്ചർ അക്കാഡമി – ദേവികുളം

ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമാണ് മൂന്നാർ. മൂന്നാറിലും അനുബന്ധപ്രദേശങ്ങളിലുമുൾപ്പെടെ ലക്ഷകണക്കിന് വിനോദസഞ്ചാരികൾ പ്രതിവർഷം എത്തിച്ചേരുന്നു. സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥ എന്നിവ സാഹസിക ടൂറിസം എന്ന പുതിയ മേഖലയുടെ സാദ്ധ്യതയകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

ആഭ്യന്തര-വിദേശ-വിനോദ സഞ്ചാരികളെയും സാഹസികത ഇഷ്ടപ്പെടുന്ന യുവജനങ്ങളെയും ലക്ഷ്യമാക്കി ഉയർന്ന നിലവാരമുള്ള വിനോദസഞ്ചാര സേവനത്തിനും സാഹസിക പരിശീലനത്തിനും അനുയോജ്യമായ ഒരു കെട്ടിടം ഇതിനായി നിർമ്മിക്കേണ്ടതുണ്ട്. യുവജനക്ഷേമ ബോർഡിന്റെ ശ്രദ്ധേയമായ ഒരു ഉദ്യമമായിരിക്കും ദേശീയ സാഹസിക അക്കാഡമിയുടെ കെട്ടിടം. കെട്ടിടം യാഥാർത്ഥ്യമായാൽ ഉത്തരേന്ത്യയിൽ സജീവമായിട്ടുള്ള സാഹസിക കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും സംസ്ഥാനത്തെ നിരവധി യുവജനങ്ങൾക്ക് ഉദ്യോഗത്തിനുള്ള അവസരവും ലഭ്യമാകുന്നത്. കേരളത്തിൽ നാമമാത്രമായിട്ടുള്ള സാഹസിക പ്രവർത്തനങ്ങൾക്ക് നല്ലപ്രചാരം ലഭിക്കുവാനും ദേശീയ-അന്തർദേശീയ ശ്രദ്ധേയമാക്കുന്നതിനും ഈ സംരംഭത്തിൽകൂടി സാദിക്കും. കെട്ടിടത്തിൽ ഓഫീസ് – പരിശീലന-കോൺഫറൻസ് ഹാൾ എന്നിവയെ കൂടാതെ ഡോർമെട്രികൾ, ഇതര മുറികൾ, പാചകകേന്ദ്രം, വ്യായമത്തിനുള്ള സ്ഥലം, ലൈബ്രറി, വാനനിരീക്ഷണ കേന്ദ്രം എന്നിവയും ഉൾപ്പെടുത്തുന്നതാണ്. മെച്ചപ്പെട്ട താസമസൗകര്യം മൂന്നാർ ഉൾപ്പെടെയുള്ള മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഏറെ പ്രയോജനകരമായിരിക്കും.

18 മാസംകൊണ്ടാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്.

## സാഹസിക പരിപാടിയും യൂത്ത് കാർണിവലും

കേരളത്തിലെ യുവജനങ്ങൾക്ക് കായികവും സാഹസികവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും കണ്ടെത്തുന്നതിനുമായി യൂത്ത് കാർണിവലും സാഹസിക ഫോട്ടോഗ്രാഫി അവാർഡും സംഘടിപ്പിക്കുന്നു.

